# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3687 23.08.2017-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികൾ

| ചോദ്യം<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ-യ്ക്ക് പ്രവാസിചിട്ടി നടത്തുന്നതിന് അനുമതി നൽകി ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | 29.07.2015 ലെ GO(MS)No.136/2015/TD ഉത്തരവ് പ്രകാരമാണ് കെ.എസ്.എഫ്.ഇ. യ്ക്ക് പ്രവാസി ചിട്ടി നടത്തുന്നതിന് അനുമതി നൽകിയത്. |
| (ബി) | ഇപ്രകാരം ഒരു ചിട്ടി വിഭാവനം ചെയ്തതിന് പിന്നിലുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ; | (ബി) | വിദേശരാജ്യങ്ങളിലെ മലയാളികൾക്ക് അവിടെ നിന്നു കൊണ്ട് തന്നെ കേരളത്തിന്റെ തനത് സമ്പാദ്യ മാർഗ്ഗമായ ചിട്ടിയിൽ അംഗമാകാനുള്ള അവസരം ഒരുക്കുക എന്നതാണ് ഇതിന് പിന്നിലെ പ്രധാനപ്പെട്ട ഉദ്ദേശ്യം. കൂടാതെ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയുള്ള ധനസമാഹരണവും ലക്ഷ്യമാണ്. |
| (സി) | പ്രവാസി ചിട്ടി നടത്തുന്നതിനായി കെ.എസ്.എഫ്.ഇ.യ്ക്ക്. റിസർവ് ബാങ്ക് അനുമതി നൽകിയത്എന്നാണെന്നറിയിക്കുമോ; | (സി) | 2015 മാർച്ച് 2-ാം തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം ഇന്ത്യയിൽ നടത്തുന്ന ചിട്ടികളിൽ വരിക്കാരാകുന്നതിനും അതിലേയ്ക്കുള്ള പണം ബാങ്കുകൾ വഴി അടയ്ക്കുന്നതിനും വിദേശ ഇന്ത്യാക്കാർക്ക് സാധ്യമാകുന്ന വിധത്തിൽ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്റ്റിൽ (FEMA) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഭേദഗതി വരുത്തുകയുണ്ടായി. അതിൻപ്രകാരം വിദേശ ഇന്ത്യാക്കാരിൽ നിന്നും ചിട്ടി വരിസംഖ്യ സ്വീകരിക്കാൻ കെ.എസ്.എഫ്.ഇ യ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രവാസി ചിട്ടി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രവാസി ചിട്ടി സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.